# കേരള സർവകലാശാല

നം.പി.ആർ.182/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

ആഗസ്റ്റ് 14 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.കോം (എസ്.ഡി.ഇ–2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ 'മോഡേൺ ഇംഗ്ലീഷ് ഗ്രാമർ ആൻഡ് യൂസേജ്' എന്ന പേപ്പർ സെപ്റ്റംബർ 17 ലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആഗസ്റ്റ് 17 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.എ, ബി.എസ്.സി (എസ്.ഡി.ഇ–2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ 'മോഡേൺ ഇംഗ്ലീഷ് ഗ്രാമർ ആൻഡ് യൂസേജ്' എന്ന പേപ്പർ സെപ്റ്റംബർ 17 ലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

### പരീക്ഷാഫലം

വിദൂര വിദ്യാഭ്യാസ വിഭാഗം ഏപ്രിൽ 2018 ൽ നടത്തിയ അവസാന വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ സപ്ലിമെന്ററി പുതിയ സ്കീം (2013 അഡ്മിഷൻ മുതൽ) പഴയ സ്കീം (2013 അഡ്മിഷന് മുമ്പ്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം.

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആന്റ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (കരിയർ റിലേറ്റഡ്) 2016 അഡ്മിഷൻ റെഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2013 & 2014 അഡ്മിഷൻ - സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

2017 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷൻസ് റെഗുലർ - 2016 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2015 അഡ്മിഷൻ, സപ്ലിമെന്ററി - 2013, 2014 അഡ്മിഷൻ പരീക്ഷാഫലം വെബ്സൈറ്റിൽ.

### പരീക്ഷാകേന്ദ്രം

ആഗസ്റ്റ് 13 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയ്ക്ക് പങ്കജകസ്തൂരി കോളേജ് സെന്ററായി അപേക്ഷിച്ച വിദ്യാർത്ഥികൾ ട്രിനിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് നരുവാമൂട് നിന്നും ഹാൾ ടിക്കറ്റ് കൈപ്പറ്റി അവിടെ തന്നെ പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫീസ്

സെപ്റ്റംബർ 24 ന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ബി.എ (2013 & 2014 അഡ്മിഷൻ – വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 21 വരെയും, 50 രൂപ പിഴയോടെ ആഗസ്റ്റ് 31 വരെയും 125 രൂപ പിഴയോടെ സെപ്റ്റംബർ 3 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസിനോടൊപ്പം 200 രൂപ മൂല്യനിർണ്ണയ ക്യാമ്പ് ഫീസും അടയ്ക്കണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ പരീക്ഷാ കേന്ദ്രം മാത്രമേ ഉണ്ടാവുകയുള്ളൂ.

## സ്പോട്ട് അഡ്മിഷൻ

കാര്യവട്ടത്തുള്ള യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിഗിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിൽ ഇ.സി, സി.എസ്,ഐ.ടി ബ്രാഞ്ചുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 13, 14 തീയതികളിൽ രാവിലെ 10 മണി മുതൽ കോളേജിൽ വച്ച് നടത്തുന്നതാണ്. ഫോൺ: 9037119776.

## സൂക്ഷ്മപരിശോധന

2017 സെപ്റ്റംബറിൽ നടത്തിയ ബി.ടെക് (2008 സ്കീം) ഒന്നാം സെമസ്റ്റർ പാർട്ട്ടൈം റീസ്ട്രക്ച്ചേർഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ ആഗസ്റ്റ് 13 മുതൽ 21 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## കേരള സർവകലാശാല യൂണിയൻ ചുമതലയേറ്റു

2018-19 വർഷത്തെ കേരള സർവകലാശാല യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ ആഗസ്റ്റ് 10 ന് യൂണിവേഴ്സിറ്റി സെനറ്റ് ചേമ്പറിൽ വച്ചു നടന്നു. കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ.സി.ഗണേഷ് മുഖ്യാതിഥിയായ ചടങ്ങിൽ സർവകലാശാല രജിസ്ട്രാർ ഡോ.ആർ ജയചന്ദ്രൻ അദ്ധ്യക്ഷനായി. സർവകലാശാല വൈസ് ചാൻസിലർ, യൂണിയൻ ചെയർപേഴ്സൺ ശാമിലി ശശികുമാറിന് സത്യവാചകം ചൊല്ലികൊടുത്തു. തുടർന്ന് ജനറൽ സെക്രട്ടറി ശ്രീജിത്ത് ആർ.എസ്, വൈസ് ചെയർമാൻ ജോൺ വില്യംസ്, മീര എസ്.മോഹൻ, അജയ് എസ് പണിക്കർ തുടങ്ങി മറ്റ് യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങൾ, സെനറ്റ് അംഗങ്ങൾ, മുൻ യൂണിവേഴ്സിറ്റി യൂണിയൻ ഭാരവാഹികൾ, സാംസ്കാരിക – സാമൂഹിക – രാഷ്ട്രീയ മേഖലയിലെ പ്രമുഖർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. "ക്യാമ്പസ് ജനാധിപത്യം സംരക്ഷിക്കുവാനും, വർഗ്ഗീയ ശക്തികളെ ചെറുക്കുവാനും കേരള സർവകലാശാല യൂണിയൻ പ്രതിജ്ഞാബദ്ധം" എന്ന സർവ്വകലാശാല യൂണിയന്റെ ആദ്യപ്രമേയം യൂണിവേഴ്സിറ്റി യൂണിയൻ ചെയർപേഴ്സൺ അവതരിപ്പിച്ചു. ചടങ്ങിൽ സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.കെ.എച്ച് ബാബുജാൻ, ഷിജുഖാൻ ജെ.എസ്, ഹരികൃഷ്ണൻ എം.എസ്, കേരള യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി ബിജുകുമാർ എന്നിവർ ആശംസകളറിയിച്ചു. ചടങ്ങിൽ ഡി.എസ്.എസ് ഡയറക്ടർ സിദ്ധിഖ് ആർ സ്വാഗതവും, യൂണിവേഴ്സിറ്റി യൂണിയൻ വൈസ് ചെയർമാൻ ജോൺ വില്യംസ് നന്ദിയും പറഞ്ഞു.

## കേരള സർവകലാശാല വിദൂര വിദ്യാഭ്യാസത്തിനു യു.ജി.സി. അംഗീകാരം.

കേരളത്തിൽ വിദൂര വിദ്യാഭ്യാസത്തിനു ഏറ്റവും കൂടുതൽ പ്രോഗ്രാമുകളുമായി കേരള സർവകലാശാല മുന്നിൽ. 2018-19, 2019-20 വർഷങ്ങളിൽ 13 ബിരുദ പ്രോഗ്രാമുകൾക്കും 12 ബിരുദാനന്തര പ്രോഗ്രാമുകൾക്കും UGC ഇന്നലെ പുറപ്പെടുവിച്ച ഉത്തരവിലൂടെ അംഗീകാരം നൽകി. ഇതിൽ ബി. എ. ഹിന്ദി , ബി.ബി.എ , എന്നിവ പുതിയ പ്രോഗ്രാമുകളാണ്.

ഉന്നത വിദ്യാഭ്യാസത്തിനു അർഹത നേടുന്നവരിൽ പത്തു ശതമാനത്തിനു മാത്രമേ സംസ്ഥാനത്തു റെഗുലർ പഠനത്തിന് അവസരം ഉള്ളു. മറ്റുള്ളവർ വിദൂര വിദ്യാഭ്യാസത്തിനെയാണ് കാലങ്ങളായി ആശ്രയിക്കുന്നതും. കുടുംബിനികൾ, ഉദ്യോഗസ്ഥർ, പ്രവാസികൾ, സൈനിക സേവനമനുഷ്ഠിക്കുന്നവർ എന്നിങ്ങനെ റെഗുലർ പഠനത്തിന് അവസരമില്ലാത്തവർക്കും അനുകൂലമാണ് ഈ അംഗീകാരം.

കഴിഞ്ഞ നാലു പതിറ്റാണ്ടുകളിലധികമായി ഇങ്ങനെയുള്ള ആയിരകണക്കിന് പഠിതാക്കൾക്കു അവസരം ഒരുക്കുകയാണ് കേരളാ സർവകലാശാലയിലെ വിദൂര വിദ്യാഭ്യാസ വിഭാഗം. സ്ഥിരം അദ്ധ്യാപകർ , വിപുലമായ ലൈബ്രറി , ക്ലാസ് മുറികൾ തുടങ്ങിയവ കേരളാ സർവകലാശാലയിലെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ പ്രത്യേകതകളാണ്. ഒക്റ്റോബർ ഒന്നിന് മുൻപ് പ്രവേശനം പൂർത്തിയാക്കണമെന്നാണ് ഇപ്പോൾ യു.ജി.സി 09.08.2018 നു പുറപ്പെടുവിച്ച പബ്ലിക് നോട്ടീസിൽ നിർദ്ദേശിച്ചിരിക്കുന്നത്. യു ജി സിയുടെ അനുമതി കത്ത് ലഭിച്ച ഉടൻ അടുത്ത ആഴ്ച തന്നെ അഡ്മിഷൻ ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം.
10.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098